# ഡോ. ശശിതരൂർ

കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് സഹമന്ത്രി



തിരുവനന്തപുരം ലോക്സഭാ മണ്ഡലം

# വികസനോദ്യമങ്ങളും ക്ഷേമപ്രവർത്തനങ്ങളും

# തിരുവനന്തപുരം ലോക്സഭാ മണ്ഡലം
## 2009 മേയ് - 2014 ഏപ്രിൽ
## വികസനോദ്യമങ്ങളും ക്ഷേമപ്രവർത്തനങ്ങളും

## ഉള്ളടക്കം


| | | |
|---|---|---|
| 1) | ദേശീയ പാതകൾ | 3 |
| 2) | റെയിൽവേ | 6 |
| 3) | വിഴിഞ്ഞം തുറമുഖം | 10 |
| 4) | ഹൈക്കോടതി ബഞ്ച് | 12 |
| 5) | വിദ്യാഭ്യാസം | 12 |
| 6) | വിമാനത്താവളം | 15 |
| 7) | ആരോഗ്യസേവനം | 16 |
| 8) | കുടിവെള്ളം | 18 |
| 9) | നഗരമാലിന്യ സംസ്കരണം | 19 |
| 10) | ജലാശയങ്ങളുടെ സംരക്ഷണം | 19 |
| 11) | കൃഷി | 20 |
| 12) | മത്സ്യബന്ധനം | 20 |
| 13) | പാർപ്പിടം | 21 |
| 14) | വിനോദസഞ്ചാര വികസനം | 22 |
| 15) | കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ | 22 |
| 16) | ശാസ്ത്ര സാങ്കേതിക വിദ്യ | 23 |
| 17) | വിവരസാങ്കേതിക വിദ്യ | 24 |
| 18) | തപാൽമേഖല | 24 |
| 19) | കായികരംഗം | 24 |
| 20) | മറ്റുള്ളവ | 25 |
| 21) | ജീവിത നിലവാരം/സംസ്കാരം | 26 |
| 22) | പ്രവാസി ഭാരതീയരുടെ ക്ഷേമം | 27 |
| 23) | വിദേശകാര്യ സഹമന്ത്രി | 28 |
| 24) | ലോക്സഭാംഗം | 29 |
| 25) | എം.പി യുടെ പ്രാദേശിക വികസന പദ്ധതി | 30 |

## തിരുവനന്തപുരം ലോക്സഭാമണ്ഡലത്തിൽ

### 2009 മെയ് മുതൽ 2013 ഡിസംബർ വരെ

### ഡോ.ശശിതരൂർ ഏറ്റെടുത്ത

# വികസനോദ്യമങ്ങളും ക്ഷേമപ്രവർത്തനങ്ങളും

## 1. ദേശീയപാതകൾ

■ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രിയുമായും മുതിർന്ന ഉദ്യോഗസ്ഥരുമായും വിശദമായ ചർച്ചകൾക്കുശേഷം ദീർഘമായി മുടങ്ങിക്കിടന്ന കോവളം- കളിയിക്കാവിള നാഷണൽ ഹൈവേ ബൈപാസ്സ് (NH47) നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിന് ഉത്തരവ് നേടാൻ കഴിഞ്ഞു. ആയിരക്കണക്കിനാളുകളുടെ വസ്തുക്കൾ ഏറ്റെടുക്കുന്നതിനും, പതിനായിരക്കണക്കിനാളുകളുടെ യാത്രാദുരിതത്തിന് പരിഹാരമാവുകയും ഗുണമേന്മയുള്ള ഒരടിസ്ഥാന വികസന സൗകര്യം നിഷേധിക്കപ്പെട്ടിരുന്നതിന് വിരാമമാവുകയും ചെയ്തു.

■ പദ്ധതിക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ 1170 കോടി രൂപ അനുവദിച്ചു.

■ ഇതെതുടർന്ന് ഭൂമി ഏറ്റെടുക്കൽ എന്ന ഏറ്റവും പ്രധാനപ്പെട്ട നടപടികൾ ആരംഭിക്കുന്നിതനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. കൂടാതെ പ്രായോഗികമായ ഒരു പദ്ധതി നിർദ്ദേശിക്കുകയും, കഴക്കൂട്ടം-മുക്കോല, മുക്കോല - കളിയിക്കവിള എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായി പണി പെട്ടെന്ന് തുടരുന്നതിനും എന്തെങ്കിലും ചെറിയ തടസ്സങ്ങളുണ്ടായാൽ ആയത് നീക്കം ചെയ്യുന്നതിനും നിയമപരമായ കുരുക്കുകൾ അടിയന്തിരമായി ഒഴിവാക്കി. ചില സ്ഥലങ്ങളിൽ ഉണ്ടായേക്കാവുന്ന ഒറ്റപ്പെട്ട നിയമ തടസ്സങ്ങൾ നീക്കുന്നതിനും നടപടിയെടുത്തു.

■ ജില്ലാ ഭരണകുടം , നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, വിവിധ സംസ്ഥാന വകുപ്പുകൾ എന്നിവയുടെ ഉദ്യോഗസ്ഥരുമായുള്ള ഉന്നതതല മീറ്റിംഗുകൾ സംഘടിപ്പിച്ച് ജോലികളുടെ പുരോഗതി വിലയിരുത്തുകയും ഒരു പുതിയ

സമയക്രമം നിശ്ചയിക്കുന്നതിനും സുപ്രധാനമായ ഭൂമി ഏറ്റെടുക്കൽ പ്രക്രിയക്ക് ആവശ്യമായ നടപടികളെടുക്കാനും കഴിഞ്ഞു. ഇതിന്റെ ഫലമായി നാഷണൽ ഹൈവേ അതോറിറ്റിയുടെ മാനദണ്ഡമനുസരിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ പണിപൂർത്തിയാക്കുന്നതിനുള്ള 1956ലെ നാഷണൽ ഹൈവേയ്സ് ആക്ട് അനുസരിച്ചുള്ള നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞു.

■ ഏറ്റെടുക്കുന്ന ഭൂമിയുടെയും മറ്റും നഷ്ടപരിഹാരം 1956 ലെ നാഷണൽഹൈവേ ആക്ടിൽ വിഭാവന ചെയ്ത പ്രകാരം ഉദാരമായി നിശ്ചയിക്കുന്നതിനും തുടർന്ന് ആർബിട്രേഷൻ മുഖേന കൂടുതൽ ആകർഷകമായ നഷ്ടപരിഹാര തുക നേടിയെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു. കേന്ദ്ര സർക്കാർ പുതുതായി നടപ്പിലാക്കിയ പുന:രധിവാസ പുന:ക്രമീകരണ നഷ്ട പരിഹാര പാക്കേജിൽ (Right to Fair Compensation and Transperancy in Land Acquisition, Rehabilitation and Resettlement Act 2013) ഉൾപ്പെടുത്തി കൂടുതൽ നഷ്ടപരിഹാര തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കഴക്കൂട്ടം കാരോട് ദേശീയ പാതയ്ക്കായി ഭൂമി വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരതുക വിതരണം ചെയ്യുന്ന നടപടി പൂർത്തിയായി വരുന്നു.

■ കഴക്കൂട്ടം - മുക്കോല ഭാഗത്തിന്റെ യോഗ്യതാനിർണ്ണയത്തിനുള്ള അപേക്ഷ നാഷണൽ ഹൈവേ അതോറിറ്റി അംഗീകരിച്ചു. പ്ലാനിംഗ് കമ്മീഷൻ കരാർ വ്യവസ്ഥകൾ അംഗീകരിക്കുകയും യോഗ്യതാനിർണ്ണയാനുമതി (RFQ & RFP) പുറപ്പെടുവിയ്ക്കുകയും ചെയ്തു. നിർമ്മാണവും നടത്തിപ്പും ചുമതല തീർച്ചപ്പെടുത്തുന്നതിന് നാലു കമ്പനികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി. കഴക്കൂട്ടം - കാരോട് റോഡ് നാലു വരിയുള്ള തനത് നിർമ്മാണ സങ്കേതങ്ങൾ (state - of- the- art) ഉപയോഗിച്ച റോഡായി പണിപൂർത്തിയാക്കുന്നതാണ്.

■ കേന്ദ്ര റോഡു ഫണ്ടിൽ നിന്നും, തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിൽ റിക്കാർഡ് വകയിരുത്തലായി 75.55 കോടി രൂപ അനുവദിപ്പിച്ചു. പള്ളിച്ചൽ-വെങ്ങാനൂർ- വിഴിഞ്ഞം വെങ്ങാനൂർ-പാച്ചല്ലൂർ-കോവളം റോഡിന്

15.05 35 കോടി രൂപയും 2010 –11 ൽ (1) ആക്കുളം – ശ്രീകാര്യം – മണ്ണന്തല – കുടപ്പനക്കുന്ന് –വട്ടിയൂർക്കാവ് – കുണ്ടമൺകടവ് റോഡിന് 23.5 കോടി രൂപയും (2) നെയ്യാർ ഡാം – ഷൊർലക്കോട് റോഡിന് 14 കോടി രൂപയും സെൻട്രൽ റോഡ് ഫണ്ടിൽ നിന്ന് അനുവദിപ്പിച്ചു.

■ കേന്ദ്ര റോഡ് ഫണ്ടിൽ നിന്ന് രണ്ടു പുതിയ റോഡുകൾക്ക് അധികമായി തുക അനുവദിപ്പിക്കാൻ കഴിഞ്ഞു. വെള്ളായണി ജംഗ്ഷൻ മുതൽ 20 കിലോമീറ്റർ ദൂരമുള്ള ഊക്കോട് – കല്ലിയൂർ – വെള്ളായണി കോളേജ് – പൂങ്കുളം റോഡിന് 11 കോടി രൂപയും 23 കിലോമീറ്റർ ദൈർഘ്യമുള്ള ഉദിയൻകുളങ്ങര – പ്ലാമൂട്ടിക്കട – ചെങ്കവിള –ഇടിച്ചക്കപ്ലാമൂട് റോഡിന് 12 കോടി രൂപയും അധികമായി അനുവദിപ്പിച്ചു. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ പ്രധാന പാതകളുടെ ബന്ധിപ്പിക്കലും ഗുണനിലവാരവും ഗണ്യമായി മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതികൾ സഹായിച്ചു.

■ മണ്ഡലത്തിന്റെ തെക്കൻ പ്രദേശത്തിന്റെ റോഡ് ഗതാഗത സംവിധാനത്തിൽ പരമ പ്രധാനവും ജീവൽരേഖയുമായ കരമന–കളിയിക്കാവിള എൻ. എച്ച് 47 ന്റെ വീതികൂട്ടുന്നതിനും പുനർ നിർമ്മിക്കുന്നതിനും എം.പി.എന്ന നിലയിൽ ഇടപെട്ടു പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതനും സാധിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഇതു സംബന്ധിച്ചുള്ള ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം പുറപ്പെടുവിച്ചു. പണികൾ തുടങ്ങുന്നതിന് ഏറ്റവും പ്രാഥമികമായി വേണ്ട നടപടികൾ അതായിരുന്നു. മുഖ്യമന്ത്രിയുമായും ധനകാര്യ മന്ത്രിയുമായും ബന്ധപ്പെട്ട് 2013 –14 ലെ സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തി. അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഇതിന്റെ ആദ്യഘട്ടം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാലുവരിപ്പാത നിർമ്മിക്കുന്നതിനുള്ള ആഗോള ടെണ്ടർ വിളിച്ചു.

■ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതിയുടെ കീഴിൽ മണ്ഡലത്തിൽ ഗണ്യമായ ഫണ്ട് ഉറപ്പാക്കി. പദ്ധതി, അനുവദിച്ച തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

* ധനുവച്ചപുരം – ഉദിയൻകുളങ്ങര റോഡിന് 121.13 ലക്ഷം

* എയ്തുകൊണ്ടകാണി -പാലപ്പള്ളി റോഡിന് 172.55 ലക്ഷം
* ആര്യനാട് മൈലച്ചൽ റോഡിന് 249.77 ലക്ഷം രൂപ
* (1)അമ്പൂരി - കുമ്പിച്ചാൽ കടവ് (2) കത്തിപ്പാറ - പന്തപ്ലാമൂട്- (3) മൈലാലിക്കര - കൊരാഞ്ഞിമൺറോഡ് (4) കണ്ടന്തിട്ട പരുത്തിപ്പാറ റോഡ് എന്നിവയ്ക്ക് 299.38 - ലക്ഷം

# 2. റെയിൽവെ

■ മണ്ഡലത്തിലെ റെയിൽവെയുടെ വികസനത്തിനായി ഉന്നതതലങ്ങളിൽ നിരന്തര ഇടപെടലുകൾ നടത്തി പ്രധാനപ്പെട്ട നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. തിരുവനന്തപുരം സെൻട്രലിലും മണ്ഡലത്തിലെ മറ്റു റെയിൽവേ സ്റ്റേഷനുകളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കി.

തിരുവനന്തപുരം സെൻട്രൽ വഴി 14 പുതിയ തീവണ്ടികൾ ആരംഭിച്ചു. പേരുവിവരം ചുവടെ ചേർക്കുന്നു.

* കൊച്ചുവേളി - മംഗലാപുരം
* കൊച്ചുവേളി - യെശ്വന്ത്പൂർ
* ബിലാസ്പൂർ - തിരുന്നൽവേലി ( തിരുവനന്തപുരം വഴി)
* തിരുനെൽവേലി - ഹാപ്പ (തിരുവനന്തപുരത്തു നിന്ന്)
* കോഴിക്കോട് - തിരുവനന്തപുരം (ജനശതാബ്ദി)
* കൊച്ചുവേളി - ഭാവ്നഗർ
* തിരുവനന്തപുരം - നിലമ്പൂർ റോഡ്
* കന്യകുമാരി - ദിബ്രുഗർ (തിരുവനന്തപുരം വഴി)
* കൊല്ലം - നാഗർകോവിൽ (മെമു)
* ചെന്നൈ - തിരുവനന്തപുരം- തുരന്തോ
* കൊച്ചുവേളി - പോർബന്തർ
* തിരുവനന്തപുരം-ബാംഗ്ലൂർ പ്രീമിയം എക്സ്പ്രസ്സ്
* തിരുവനന്തപുരം -നിസ്സാമുദ്ദീൻ എക്സ്പ്രസ്സ്
* നാഗർകോവിൽ-പുനലൂർ പാസഞ്ചർ

- ദിവസയാത്രക്കാർക്ക് ഏറ്റവും മികച്ച സൗകര്യങ്ങൽ ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം- ചെങ്ങന്നൂർ ഹരിപ്പാട് സബർബൻ ട്രെയിൻ സംവിധാനം നടപ്പിലാക്കാൻ പ്രയത്നിച്ചു വരുന്നു. ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനത്തിന്റെ സഹായത്തോടെ ഒരേ സമയം രണ്ട് സ്റ്റേഷനുകൾക്കിടയിൽ ഒരേ ദിശയിലേയ്ക്ക് ഒന്നിലധികം തീവണ്ടികൾ ഓടിക്കാവുന്ന ഈ മെഗാ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കി വരുന്നു.

- തിരുവനന്തപുരത്തെ നിർദ്ദിഷ്ട മോണോറെയിൽ പദ്ധതി രണ്ടു ഘട്ടങ്ങളായാണ് ആരംഭിക്കുന്നത്. ഡൽഹി മെട്രോ കോർപ്പറേഷൻ നടപ്പിലാക്കുന്ന ഈ മെഗാ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫലപ്രദമായി ഇടപെട്ടു വരുന്നു.

- ടൂറിസം മന്ത്രാലയത്തിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് പത്തുകോടി രൂപയുടെ ഒരു പാക്കേജിലൂടെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും യാത്രക്കാർക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. ഈ പദ്ധതിയിലൂടെ കൂടുതൽ സൗകര്യങ്ങളുംഅടിയന്തിരമായി പൂർത്തിയാകും. നാല് എസ്കലേറ്ററുകളുടെയും, പുതിയ ബുക്കിംഗ് ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണോദ്ഘാടനം നിർവഹിച്ചു.

- തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങളും സജ്ജമാക്കികൊണ്ട് രാജ്യത്തെ ഇത്തരത്തിലുള്ള മറ്റ് അഞ്ചു സ്റ്റേഷനുകളോടൊപ്പം ലോകോത്തര സൗകര്യങ്ങളും പശ്ചാത്തല സാഹചര്യങ്ങളും ഏർപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭൗതിക സാഹചര്യങ്ങളും ഏർപ്പെടുത്തി. മറ്റു സ്റ്റേഷനുകളിൽ പണി ഇനിയും ആരംഭിച്ചില്ലെങ്കിലും തിരുവനന്തപുരം സ്റ്റേഷനിൽ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞു.

* തിരുവനന്തപുരത്ത് റെയിൽവെയുടെ വാട്ടർ ബോട്ട്ലിംഗ് പ്ലാന്റ് തുടങ്ങുന്നതിനുള്ള സാധ്യതാ പഠനം നടത്തുകയും പാറശ്ശാല IRCTC അതിനുള്ള ടെണ്ടർ വിളിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് നടപടികളെടുക്കുകയും ചെയ്തു.

* തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിൽ റെയിൽവെ മെഡിക്കൽ കോളേജ് തുടങ്ങുവാൻ ശ്രമം നടത്തി. ദേശീയതലത്തിൽ ഈ പദ്ധതി നിർത്തിവെച്ചിരിക്കുകയാണെങ്കിലും ഇവിടെ പി.പി.പി മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവമായി പരിഗണിച്ചു വരികയാണ്.

■ കേന്ദ്രറെയിൽ മന്ത്രിമാരുമായും ഉന്നത റയിൽവേ അധികൃതരുമായും എം.പി എന്ന നിലയിൽ നിരന്തര ഇടപെടലുകൾ നടത്തി മണ്ഡലത്തിൽ കൈവരിച്ച നേട്ടങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

♦ ഹാൾട്ട് സ്റ്റേഷൻ ആയിരുന്ന തിരുവനന്തപുരം-ധനുവച്ചപുരം സ്റ്റേഷനെ ഒരു പ്രധാന റെയിൽവെ സ്റ്റേഷനായി ഉയർത്തുന്നതിന് ആവശ്യമായ കെട്ടിടങ്ങൾക്കും അനുബന്ധ സൗകര്യങ്ങൾക്കുമായി 2.00 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

♦ ബാലരാമപുരം റെയിൽവെ സ്റ്റേഷനിൽ പ്ലാറ്റ്ഫോം ഉയർത്തി ദീർഘിപ്പിക്കുന്നതിനും മറ്റു നവീകരണപ്രവർത്തനങ്ങൾക്കും അധിക തുക അനുവദിപ്പിച്ചു.

♦ നേമത്ത് ഒരു റെയിൽവേ ഓവർ ബ്രിഡ്ജിന് അനുമതി നേടി.

♦ കഴക്കൂട്ടത്ത് പുതിയ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചു.

♦ പല സുപ്രധാന ദീർഘദൂര തീവണ്ടികളുടെ എണ്ണം വർദ്ധിപ്പിച്ചു.

♦ തിരുവനന്തപുരം ടെക്നോപാർക്ക് ജീവനക്കാരുടേയും കഴക്കൂട്ടം നിവാസികളുടെയും ദീർഘകാല ആവശ്യം കണക്കിലെടുത്ത് കൂടുതൽ ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചു. 16649 മംഗലാപുരം-നാഗർകോവിൽ എക്സ്പ്രസ്, 16650 നാഗർകോവിൽ-മംഗലാപുരം എക്സ്പ്രസ്, 16526 ബാംഗ്ളൂർ - കന്യാകുമാരി എക്സ്പ്രസ്, 16525 കന്യാകുമാരി -ബാംഗ്ളൂർ എക്സ്പ്രസ്, 16629 തിരുവനന്തപുരം മംഗലാപുരം മലബാർ എക്സ്പ്രസ് 16303 എറണാകുളം, തിരുവനന്തപുരം വഞ്ചിനാട് എക്സ്പ്രസ് എന്നീ ട്രെയ്നുകൾക്ക് ലഭിച്ച സ്റ്റോപ്പുകൾ ഏറെ പ്രയോജനകരമാണ്.

♦ ജയന്തി ജനത എക്സ്പ്രസ്സ്, പരശുറാം എക്സ്പ്രസ്സ്, അനന്തപുരി എക്സ്പ്രസ്സ് തുടങ്ങിയവയ്ക്ക് പാറശ്ശാലയിൽ സ്റ്റോപ്പനുവദിച്ചതോടെ ഈ പ്രദേശത്തെ യാത്രക്കാരുടെ ദീർഘകാല ആഗ്രഹം സഫലമാക്കി.

- നാഗർകോവിൽ കൊച്ചുവേളി പാസഞ്ചറിന് അധിക കോച്ചുകൾ അനുവദിച്ചു. ദിവസവും യാത്രചെയ്യുന്നവർക്ക് തിരക്കുമൂലമുണ്ടാകുന്ന അസൗകര്യങ്ങൾ കുറഞ്ഞു.

- പരശുറാം എക്സ്പ്രസ്സ് നാഗർകോവിൽ വരെ നീട്ടുന്നതിന് സാധിച്ചു. തന്മൂലം കേരളത്തിന്റെ മറ്റു ഭാഗങ്ങളുമായി ആ പ്രദേശത്തെ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടുവാനും പാറശാല-തിരുവനന്തപുരം റൂട്ടിലെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

- മധുര കൊല്ലം പാസഞ്ചർ പുനലൂർ വരെ ദീർഘിപ്പിച്ചു.

- ദീർഘകാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന, കൊല്ലം നാഗർകോവിൽ മെമു സർവ്വീസിനുള്ള തടസ്സങ്ങൾ നീക്കുകയും 2012 ഡിസംബർ ഒന്ന് മുതൽ ആരംഭിക്കുകയും 2013-14ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം സർവ്വീസ് കന്യാകുമാരി വരെ ദീർഘിപ്പിക്കുന്നതിനും സാധിച്ചു.

- മണ്ഡലത്തിലെ എല്ലാ പ്രധാനസ്റ്റേഷനുകളിലും നടപ്പാതകൾ,ഉയർന്ന പ്ലാറ്റ്ഫോം, കമ്പ്യൂട്ടർവൽകൃത റിസർവേഷൻ സൗകര്യം എന്നിവ സ്ഥാപിച്ചു. 2013 - 2014 ബജറ്റിൽ ആറു കോടി രൂപ വകയിരുത്തിക്കൊണ്ട് കൊച്ചുവേളി സ്റ്റേഷന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി.

- തിരുവനന്തപുരം വേളി സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സമ്മർദ്ദം ചെലുത്തി വരുന്നു.

- ദിവസയാത്രക്കാർക്ക് വേണ്ടി ഓട്ടോമാറ്റിക് വെൻഡിംഗ് മെഷീൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ സ്ഥാപിച്ച് ടിക്കറ്റ് സേവനങ്ങൾ വേഗത്തിലാക്കി. തിരുവനന്തപുരം നാഗർകോവിൽ ഭാഗത്തിന്റെ വൈദ്യുതീകരണം പൂർത്തിയാക്കി.

- തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിലെ രണ്ടു റെയിൽവെ ഡിവിഷനുകളുടെയും വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കാര്യാലയം (കേരളത്തിൽ ആദ്യമായി) ആരംഭിക്കുന്നതിനു റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തി.

- 1000 പി.ആർ.എസ് (പാസഞ്ചർ റിസർവേഷൻ സർവ്വീസ്) പദ്ധതിയിൻ കീഴിൽകുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ റിസർവേഷൻ കൗണ്ടർ ആരംഭിച്ചു. കൂടാതെ ടെക്നോപാർക്കിലും സെക്രട്ടറിയേറ്റ് ക്യാംപസിലും കൗണ്ടറുകൾ സ്ഥാപിച്ചു.

# 3.വിഴിഞ്ഞം തുറമുഖം

■ തിരുവനന്തപുരത്തിന്റെ അഭിമാനമായ വിഴിഞ്ഞം തുറുമുഖ പദ്ധതിയുടെ നിർമ്മാണത്തിനു വേണ്ടി എം. പി എന്ന നിലയിലും വിഴിഞ്ഞം അന്താരാഷ്ട്ര സീപോർട്ട് ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിലും, ശക്തമായ നേതൃത്വം നൽകി വരുന്നു. മാസ്റ്റർ പ്ലാൻ പരിഷ്കരിച്ച് ഭൂവുടമ മോഡൽ നിലനിർത്തുന്നതിന് ഇടപെട്ടു.

■ വിഴിഞ്ഞം തുറുമുഖ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ ലാന്റ് ലോർഡ് മോഡലാക്കി മാറ്റിയത് തുറുമുഖ പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിനും സംസ്ഥാന ഗവണ്മെന്റിന് പദ്ധതിയുടെ മാസ്റ്റർ പ്ലാൻ താമസംവിനാ പ്രഖ്യാപിക്കുന്നതിനും സഹായിച്ചു. 2013 നവംബർ 14 ന് പദ്ധതിയ്ക്കായി കേന്ദ്രഗവണ്മെന്റിന്റെ അനുമതി ലഭിച്ചു. ബ്രേക്ക് വാട്ടർ നിർമ്മാണം പദ്ധതി നടത്തിപ്പ് എന്നിവയ്ക്കുള്ള കരാർ യോഗ്യത നിർണ്ണയ (RFQ) നടപടികൾ പൂർത്തിയാക്കി 2014 മേയ് മാസത്തിൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

■ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ സമിതിയുടെ സുപ്രധാനമായ അംഗീകാരം നേടിയെടുക്കുന്നതിന് ശക്തമായ നേതൃത്വം നൽകി.

■ വിഴിഞ്ഞം അന്താരാഷ്ട്ര തുറുമുഖ പദ്ധതിയെ സംബന്ധിച്ച് പ്ലാനിംഗ് കമ്മിഷൻ വൈസ് ചെയർമാന്റെയും ഉപദേശകരുടെയും മുന്നിൽ ചർച്ചകളിലൂടെയും മറ്റും ഉന്നയിക്കുന്നതിനും പദ്ധതിയ്ക്ക് 20 ശതമാനം സാധ്യത വിടവിന് (Viability Gap) ഫണ്ട് നൽകി പദ്ധതി നടപ്പാക്കാൻ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം നേടിയെടുക്കുന്നതിനും നിർണ്ണായകമായ ഇടപെടലുകൾ നടത്തി.

■ വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിനുള്ള പരിശോധനാ മാനദണ്ഡങ്ങൾക്ക് നേരത്തെ അനുമതി ലഭിക്കുന്നതിന് പ്രധാനപ്പെട്ട ഇടപെടലുകൾ നടത്തി. ഇതു സംബന്ധിച്ച് ഹൈക്കോടതി നിയോഗിച്ച ഓംബുഡ്സ്മാനുമായും വിദഗ്ദ സമിതിയുമായും വിശദമായ ചർച്ചകൾ നടത്തി.

■ വിഴിഞ്ഞം സീപോർട് പദ്ധതി പ്രദേശത്ത് റോഡ് റെയിൽ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇന്ത്യാഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുകയും ദേശീയപാത 47 ൽ നിന്ന് രണ്ടു കിലോമീറ്റർ ദൂരമുള്ള ബൈപാസ്സ് റോഡിന്റെ പണി നാഷണൽ ഹൈവേ അതോറിട്ടിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

റെയിൽവേ നേരത്തെ തന്നെ സർവ്വേ ജോലികൾ പൂർത്തിയാക്കുകയും പ്രത്യേകമായി എട്ടുകിലോമീറ്റർ റെയിൽ പാത ബാലരാമപുരത്തെ വെടിവെച്ചാൻ കോവിലിൽ നിന്ന് വിഴിഞ്ഞം വരെ നീട്ടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

■ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിൽ തുറുമുഖ പദ്ധതി പുരോഗതിയ്ക്കുവേണ്ടിയും പരിസ്ഥിതി അനുമതികൾക്കു വേണ്ടിയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുവേണ്ടിയും പ്രത്യേക താല്പര്യമെടുത്ത് പരിശ്രമിച്ചു.

## പൂവാർ കപ്പൽശാല

രാജ്യത്തിന്റെ പശ്ചിമ തീരത്തെ നിർദ്ദിഷ്ട വൻകിട കപ്പൽശാല സ്ഥാപിക്കുവാൻ ഏറ്റവും അനുയോജ്യമായ സ്ഥലം പൂവാർ ആണെന്ന വസ്തുത കേന്ദ്ര തുറമുഖ കാര്യമന്ത്രിയെ ബോധ്യപ്പെടുത്തി പദ്ധതി നിർദ്ദേശം മുന്നോട്ടു വച്ചു. പൂവാറിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട ഷിപ്പ്യാർഡ് -കം-പോർട്- മാരിടൈം ഹബ്ബ് (Shipyard - cum - Maritime Hub) എന്ന നിലയിലാണ് പദ്ധതി സമർപ്പിച്ചിട്ടുളളത്. പൂവ്വാറിലെ വൻകിട കപ്പൽശാലയ്ക്കായുള്ള പ്രയത്നം തുടർന്നു വരുന്നു.

**പൂന്തുറ, വലിയതുറ മത്സ്യബന്ധന തുറമുഖങ്ങൾ**

പൂന്തുറ വലിയതുറ പ്രദേശങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നേതിയെടുക്കുന്നതിനും മറ്റും കേന്ദ്ര സർക്കാരിൽ ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നു.

# 4. ഹൈക്കോടതി ബഞ്ച്

■ ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായും കേന്ദ്ര നിയമവകുപ്പു അധികൃതരുമായും നിരന്തരം ബന്ധപ്പെട്ട് വരുന്നു.

■ ഈ കാലയളവിൽ മാറി മാറി നിയമിതരായ ഹൈക്കോടതിയുടെ മൂന്ന് മുൻ ചീഫ് ജസ്റ്റീസുമാരെ നേരിട്ടു കണ്ട് ചർച്ച നടത്തുകയും മുഖ്യമന്ത്രി, കേന്ദ്ര നിയമ മന്ത്രി എന്നിവരുമായി ചർച്ച നടത്തുവാൻ മുൻകൈ എടുക്കുകയും ചെയ്തു. ജസ്റ്റിസ് ബെണ്ണൂർമഠ് തിരുവനന്തപുരത്ത് പബ്ലിക് ഹിയറിംഗ് നടത്തുവാൻ ശക്തമായി ആവശ്യപ്പെട്ടു. 57 സംവത്സരങ്ങൾ നീണ്ട കാത്തിരിപ്പിനു ശേഷം ഇക്കാര്യത്തിൽ നടത്തിയ അതിശക്തമായ ഇടപെടലിലൂടെ ബഞ്ച് പുന:സ്ഥാപിക്കുന്നതിനായി ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജിമാരുടെ ഒരു അഞ്ചംഗ ജുഡീഷ്യൽ കമ്മിറ്റിയെ നിയമിക്കുവാൻ സാധിച്ചു.

■ സംസ്ഥാന തലസ്ഥാനങ്ങളിൽ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് ഒരു സ്വകാര്യ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. 2012 ലെ മൺസൂൺ സമ്മേളനകാലത്ത് ബിൽ പരിഗണനയ്ക്ക് എടുക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രതിപക്ഷ ബഹളം കാരണം സമ്മേളനം പൂർത്തിയാക്കുവാൻ കഴിയാത്തതിനാൽ ബില്ലിന്മേലുള്ള ചർച്ച നടന്നില്ല.

# 5. വിദ്യാഭ്യാസം

2012 നവംബറിൽ കേന്ദ്രമന്ത്രിസഭയിൽ വീണ്ടും അംഗമായതിനു ശേഷമുള്ള ( മാനവവിഭവശേഷി സഹമന്ത്രിയായി) ഹ്രസ്വകാലയളവിൽ ഒട്ടേറെ നിർണ്ണായക നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ഇക്കാലയളവിൽ വിദ്യാഭ്യാസ മേഖലയിൽ അഭൂതപൂർവ്വമായ കുതിച്ചു ചാട്ടത്തിന് തിരുവനന്തപുരം ലോക്സഭാ മണ്ഡലം സാക്ഷ്യം വഹിച്ചു.

■ കേന്ദ്ര സർവ്വകലാശാലയുടെ തലസ്ഥാനകേന്ദ്രത്തിന് പ്രധാനമന്ത്രി 2014 ജനുവരി 4 ന് തറക്കല്ലിട്ടു. കേന്ദ്ര സർവ്വകലാശാലയുടെ ഒരു ഓഫ്സൈറ്റ് കാമ്പസ് തിരുവനന്തപുരത്ത് സ്ഥാപിക്കുകയും 2013 ഡിസംബറിൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.

■ കേരളത്തിനും ലക്ഷദ്വീപിനുമായി സി.ബി. എസ്. സിയുടെ ഒരു റീജിയണൽ ഓഫീസ് തിരുവനന്തപുരം ആസ്ഥാനമായി സ്ഥാപിച്ചു. നിലവിൽ ഏറ്റവും അടുത്ത് ചെന്നൈയിൽ മാത്രമായിരുന്നു ഈ ഓഫീസ് ഉണ്ടായിരുന്നത്. സി.ബി.എസ്.സി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഏറെ സൗകര്യപ്രദമാണ് തിരുവനന്തപുത്തെ പുതിയ റീജിയണൽ ഓഫീസ്.

■ കേരളം, ലക്ഷദ്വീപ് എന്നീ പ്രദേശങ്ങളുടെ ചുമതലയുള്ള എ.ഐ.സി.ടിയുടെ ഒരു റീജണൽ ഓഫീസ് തിരുവനന്തപുരത്ത് സ്ഥാപിച്ചു. ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള നാലുനില കെട്ടിടം കേവലം 180 ദിവസങ്ങൾ കൊണ്ട് നിർബന്ധിച്ച് 29/12/2013 ന് ഉദ്ഘാടനം ചെയ്തു.

■ 2012-13 ൽ എ.ഐ.സി.ടി. ഇയുടെ പ്രവർത്തനത്തിന് 33 കോടി രൂപ കൂടുതലായി അനുവദിപ്പിച്ചു.

■ ശ്രീനാരായണ പഠനം സി.ബി.എസ്.ഇ പാഠ്യവിഷയത്തിലുൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

■ കാസർകോഡ് കേന്ദ്ര യൂണിവേഴ്സിറ്റിയിൽ മഹാത്മാ അയ്യൻകാളിയുടെ പേരിൽ ഒരു പീഠം ആരംഭിക്കുന്നതിന് നേതൃത്വം നൽകുകയും ആയത് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

■ 2013 ലെ ജെ.ഇ.ഇ പരീക്ഷ എഴുതുന്നതിന് സി.ബി.എസ്.ഇ യുടെ മൂന്നു പുതിയ സെന്ററുകൾ ആരംഭിക്കുന്നതിന് ഇടപെട്ടു. പുതിയ ഓഫ്ലൈൻ സെന്ററുകൾ തൃശൂർ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് സ്ഥാപിച്ചത്. തിരുവനന്തപുരത്ത് നേരത്തെ തന്നെ ഒരു ഓൺലൈൻ സെന്റർ ഉണ്ടായിരുന്നു. ഓഫ് ലൈൻ സെന്റർ കൂടി ആരംഭിച്ചതോടെ പരീക്ഷകൾക്ക് കേരളത്തിലെ ഒരേയൊരു നഗരത്തിൽ രണ്ടു കേന്ദ്രങ്ങളായി. ഇത് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമായി.

■ ഐ.ഐ.എം ന് പ്രവേശന പരീക്ഷയെഴുതുന്നതിന് സി.എ.ടിയുടെ ഒരു ടെസ്റ്റ് സെന്റർ 2013 മുതൽ തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് നടപടിയെടുത്തു. നേരത്തെ ഈ സെന്റർ കൊച്ചിയിൽ മാത്രമാണ് ഉണ്ടായിരുന്നത്.

■ ഐ.ഐ എമ്മിന്റെ എൻട്രൻസ് ടെസ്റ്റിന് പ്രശസ്തമായ സി.എ.ടിയുടെ ഒരു ടെസ്റ്റ് സെന്റർ തിരുവനന്തപുരത്ത് 2013 മുതൽ ആരംഭിക്കുന്നതിനു കഴിഞ്ഞു നേരത്തെ ഈ സെന്റർ കൊച്ചിയിൽ മാത്രമായിരുന്നു.

■ ബാർട്ടൺഹിൽ ഇൻജിനീയറിംഗ് കോളെജ്, കോളെജ് ഓഫ് എൻജി നീയറിംഗ് എന്നിവയിൽ രണ്ട് എസ്.ടി എസ്.ടി ഹോസ്റ്റലുകൾ ആരംഭിക്കുന്ന തിന് എ.ഐ.സി.ടി.ഇയിൽ നിന്ന് 4 കോടി രൂപ അനുവദിപ്പിച്ചു.

■ തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിൽ ഒരു റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചു.

■ സംസ്ഥാന ഗവണ്മെന്റിന്റെ ***നോളജ് സിറ്റി പദ്ധതി*** തിരുവനന്തപു രത്തു തന്നെ സ്ഥാപിക്കുന്നതിന് ശക്തമായി ഇടപെടുകയും തുടർ പ്രവർത്തന ങ്ങൾ നടത്തി വരികയും ചെയ്യുന്നു.

■ കേന്ദ്രമാനവശേഷി വികസന വകുപ്പിന്റെ രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ (ആർ. എം. എസ്. എ) പദ്ധതിയിൽ 59.71 കോടി രൂപ 2012 -13 ലേക്ക് ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്താനും നൽകി സാമൂഹ്യസന്തുലനം നിലനിർത്തി ഗവൺമെന്റ് സെക്കന്ററി സ്കൂളുകളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുവേണ്ടി സംസ്ഥാനത്തിന് അനുവദിച്ച മറ്റ് കാര്യങ്ങളോടൊപ്പം 112 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സഹായമാണ് കിട്ടിയത്.

■ രാഷ്ട്രീയ ഉച്ചസ്ഥാൻ ശിക്ഷാ അഭിയാൻ പദ്ധതിയിൽ കേരളത്തിന് 120 കോടി രൂപ അനുവദിച്ചു.

■ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൻ കീഴിൽ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 2012-13 വർഷത്തിൽ 150 കോടി രൂപ ലഭ്യമാക്കി.

■ കേരളത്തിൽ നിന്ന് ദേശീയ മെഡിക്കൽ പി.ജി. എൻട്രൻസിന് പങ്കെടുക്കുന്നവർക്ക് കേരളത്തിലെ സെന്ററുകളിൽ തന്നെ ഉൾക്കൊളളി ക്കുന്നതിന് സൗകര്യമൊരുക്കി.

■ അഖിലേന്ത്യാ ദന്തൽ പി.ജി പ്രവേശന പരീക്ഷ (NEET) യ്ക്ക് തിരുവനന്തപുരത്ത് ആദ്യമായി പരീക്ഷാകേന്ദ്രം തുടങ്ങി. ഇതുവരെ തെക്കേയിന്ത്യയിൽ ചെന്നൈയിൽ മാത്രമായിരുന്നു പരീക്ഷാകേന്ദ്രം അനുവദിച്ചിരുന്നത്.

■ നാഷണൽ ബോർഡ് ഓഫ് എക്സിമിനേഷന്റെ ഒരു റീജിയണൽ സെന്റർ തിരുവനന്തപുരത്ത് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

■ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയുടെ മലപ്പുറം കാമ്പസിന് 105 കോടി രൂപ അനുവദിച്ചു.

■ ഹൈദരാബാദിലെ ഇംഗ്ലീഷ് വിദേശ ഭാഷകളുടെ ഓഫ് കാമ്പസ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിന് 70 എക്കർ സ്ഥലം അനുവദിച്ചു കൊണ്ടുള്ള സംസ്ഥാന ഗവൺമെന്റിന്റെ അനുമതി കിട്ടി.

■ നാഷണൽ സെന്റർ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ കീഴിലുള്ള ട്രെയിനിംഗ് കോളെജുകൾ പൂട്ടാതിരിക്കുന്നതിനുള്ള നടപടികളെടുത്തു.

■ കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പട്ടിക വർഗ്ഗ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കോച്ചിംഗ് കം-ഗൈൻസ് സെന്റർ .

# 6.വിമാനത്താവളം

- തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതിയ അന്താരാഷ്ട്ര ടെർമിനിൽ ആരംഭിക്കുന്നിതിന് ശക്തവും വ്യക്തിപരവുമായ ഇടപെടൽ നടത്തി. ആധുനിക ടെർമിനൽ പൂർണമായി പ്രവർത്തനക്ഷമമായി.
- തിരുവനന്തപുരം വിമാനത്താവളത്തിൽ 50 കോടി രൂപ ചെലവഴിച്ച് എയർ ഇന്ത്യയുടെ ഹാംഗർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി. 2011 ഡിസംബർ 16നു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.
- 130 കോടി രൂപയുടെ വമ്പൻ വികസന പദ്ധതി നേടിയെടുക്കാൻ സാധിച്ചു. 14 മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ വികസന പദ്ധതിയിൽ 70 കോടിരൂപയുടെ പാരലൽ ടാക്സിവേ, 20.98 കോടിയുടെ നാലാമത്തെ എയ്റോ ബ്രിഡ്ജ് 15.77 കോടി രൂപയുടെ ടേണിംഗ് പാട്, 14 കോടി രൂപയുടെ അഡീഷണൽ ആപ്രൺ, 10.36 കോടി രൂപയുടെ സുരക്ഷാ മേഖലാ വികസനം എന്നിവ ഉൾപ്പെടുന്നു.
- തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ ടെർമിനലിൽ യുസർ ഫീ കുറയ്ക്കുവാൻ ശക്തമായി ഇടപെട്ടു.
  യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിരന്തരമായി ഇടപെടുകയും യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പാർക്കിംങ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിജയകരമായി ഇടപ്പെട്ടു.

- തിരുവനന്തപുരത്തും കൊച്ചിയിലുംഎയർപോർട്ടിൽ വന്നിറങ്ങുന്നവർക്ക് വിസ ഓൺ അറൈവൽ (VOA) എത്തുമ്പോൾ വിസ പദ്ധതി തുടങ്ങാൻ കേന്ദ്രത്തിൽ ഇടപെടുകയും 11 രാജ്യങ്ങളിലെ പൗരന്മാർക്ക് കേരളം സന്ദർശിക്കാനും അതുവഴി കേരളത്തിലെ ടൂറിസം വ്യവസായത്തിന് പ്രോത്സാഹനമേകാനും സഹായിച്ചു.

- സംസ്ഥാന സർക്കാരുമായി സഹകരിച്ച് ഒരു മൾടി നോഡൽഹബ്ബ്, "എയ്റോപോളീസ്" എന്നിവ സ്ഥാപിച്ച് എയർ, റോഡ്, റെയിൽ കടൽ, കനാൽ എന്നിവയുമായി ബന്ധപ്പെടുത്തുവാനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും പരിശ്രമിച്ചു വരുന്നു.

- തിരുവനന്തപുരം എയർപോർട്ടിൽ ലോജിസ്റ്റിക്സ് പോസ്റ്റ് എയർ സർവ്വീസ് ആരംഭിക്കാൻ അനുമതി നേടി.

# 7. ആരോഗ്യ സേവനം

- പ്രധാന മന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷ യോജന പദ്ധതിയിൻ കീഴിൽ 179 കോടി രൂപയുടെ വികസനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാനും ആറ് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും വേഗത്തിൽ പൂർത്തിയാക്കുവാനും ഫലപ്രദമായി ഇടപെട്ടു. സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകൾ പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

- പൂജപ്പുരയിലെ കേന്ദ്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 10 കോടി രൂപ അനുവദിപ്പിച്ച് നിർമ്മാണം പൂർത്തിയാക്കി.

- കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിൽ തിരുവനന്ത പുരത്ത് പുതിയ വൈറോളജിലാബിന് അനുമതി.

- കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുമായി നേരിട്ട് ബന്ധപ്പെട്ട് മണ്ഡ ലത്തിലെ നിരവധി രോഗികളുടെ ചികിത്സയ്ക്കായി രാഷ്ട്രീയ ആരോഗ്യനിധി യിൽ നിന്നും 57.35 ലക്ഷം രൂപ നേടിയെടുത്തു.

■ അവശതയനുഭവിക്കുന്ന നിരവധി പേർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും 43.91 ലക്ഷം രൂപ ലഭ്യമാക്കി വിതരണം ചെയ്തു.

■ തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജിനെ പുതിയ ദേശീയ വയോജനാരോഗ്യ പദ്ധതിയുടെ പ്രാദേശിക കേന്ദ്രമായി മാറ്റുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ആരോഗ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് അംഗീകരിപ്പിച്ചു.

■ തിരുവനന്തപുരം ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയുടെ രണ്ടാം ഘട്ട വികസനം ത്വരിതപ്പെടുത്തുവാൻ സജീവമായി ഇടപെട്ടു.

■ തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ ദേശീയ നിലവാര ത്തിലേയ്ക്ക് ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും 120 കോടി രൂപ അനുവദിപ്പിച്ചു.

■ നെയ്യാറ്റിൻകരയിലും പൂന്തുറയിലും ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു.

■ പേട്ട, പേരൂർക്കട, കരമന, എന്നിവിടങ്ങളിലെ ഇ.എസ്.ഐ.ആശുപത്രി കൾ നവീകരിക്കുന്നതിന് അധിക തുക അനുവദിപ്പിച്ചു.

■ ഇ.എസ്.ഐ കോർപ്പറേഷനു കീഴിൽ കഴക്കൂട്ടത്ത് ട്രോമ കെയർ ഉൾപ്പെടെ ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കാൻ അനുമതി നേടി.

■ കേന്ദ്ര പദ്ധതിയിൻ കീഴിൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം ഒരു **സെന്റർ ഓഫ് എക്സ്ലൻസ്** ആയി മാറ്റുവാൻ ശ്രമം നടത്തി. വിജയകരമായി മുന്നോട്ട് പോയെങ്കിലും എൽ.ഡി.എഫ് സർക്കാരിന്റെ നിലപാട് മൂലം ഇത് യാഥാർത്ഥ്യമായില്ല. കേന്ദ്ര സർക്കാർ പേരൂർക്കട ആശുപത്രി വേണ്ടി മൂന്നു കോടി രൂപ അനുവദിച്ചു. കേന്ദ്ര ആരോഗ്യ മന്ത്രിയെ പേരൂർക്കട ആശുപത്രി സന്ദർശിപ്പിക്കുകയും അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സഹായങ്ങൾ നൽകാമെന്ന വാഗ്ദാനം നേടിയെടുക്കാനും എം.പി എന്ന നിലയിൽ സാധിച്ചു.

■ തിരുമല ഇ.സി.എച്ച്.എസ് ൽ വിമുക്ത ഭടന്മാരുടെ പങ്കാളിത്ത ആരോഗ്യപദ്ധതിയുടെ നടത്തിപ്പിനായി സൈനിക അധികൃതരുമായി ബന്ധപ്പെടുക വഴി ദീർഘനാളായി തുടരുന്ന പ്രവർത്തനരാഹിത്യവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കാൻ കഴിഞ്ഞു. ഈ സ്ഥാപന ത്തിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയുണ്ടാവുകയും

മണ്ഡലത്തിലെ ആയിരക്കണക്കിന് വിമുക്തഭടന്മാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസമാവുകയും ചെയ്തു.

■ "സോറിയാസിസ്" എന്ന ത്വക്ക് രോഗത്തിനുള്ള മരുന്നിന്റെ ഉത്പാദനം പൂജപ്പുരയിലെ കേന്ദ്ര ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് നിർത്തി വെച്ചപ്പോൾ കേന്ദ്ര ആരോഗ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് ഉത്പാദനം പുനരാരംഭിച്ചത് സംസ്ഥാനത്തെ ആയിരക്കണക്കിന് സോറിയാസിസ് രോഗികൾക്ക് ആശ്വാസമായി.

# 8.കുടിവെള്ളം

■ തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ലഭ്യത മെച്ചപ്പെടുത്തുന്നതിനായി പേപ്പാറ ഡാമിന്റെ ജലസംഭരണശേഷി ഉയർത്താനുള്ള നിർദ്ദേശം വനം പരിസ്ഥിതി വകുപ്പ് തത്വത്തിൽ അംഗീകരിച്ചു. മന്ത്രാലയവുമായി നിരന്തരം ഇടപെട്ടാണ് ഈ നേട്ടം കൈവരിച്ചത്. തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ കൈക്കൊള്ളാവുന്ന നടപടികളായ നെയ്യാർ ഡാമിൽ നിന്ന് അരുവിക്കരയിലേക്ക് പത്തുകിലോമീറ്റർ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക, പേപ്പാറ ഡാമിൽ നിന്ന് അരുവിക്കര ജല സംഭരണിയിലേക്കുള്ള 33 കിലോമീറ്റർ കനാലിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക തുടങ്ങിയ നൂതന ആശയങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നു.

■ വിഴിഞ്ഞം അന്താരാഷ്ട്ര തുറുമുഖ കമ്പനിയെക്കൊണ്ട്, അതിന്റെ കോർപ്പറേറ്റ് സാമൂഹ്യ സുരക്ഷിതത്വ നിധിയിൽ നിന്നും വിഴിഞ്ഞത്തെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് 36 കോടി രൂപയുടെ വൻ പദ്ധതി നടപ്പിലാക്കി.

■ തിരുവനന്തപുരം നഗരസഭയോട് കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്ര നഗരവികസന വകുപ്പിൽ നിന്നും ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ കൂടുതലായി അനുവദിപ്പിച്ചു.

# 9. നഗരമാലിന്യ സംസ്കരണം

- തിരുവനന്തപുരം മുട്ടത്തറയിൽ 80 കോടി രൂപ ചെലവു ചെയ്ത് 107 ദശലക്ഷം ലിറ്റർ സംസ്ക്കരണശേഷിയുള്ള ആധുനിക സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ ധനസഹായം നേടിയെടുത്തു.
- ജെ.എൻ.എൻ.യു ആർ.എമ്മിന്റെ അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഗവർണൻസ് (യു.ഐ.ജി) പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷനെ **മിഷൻസിറ്റി** യായി തെരഞ്ഞെടുക്കുകയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 24.56 കോടി രൂപ അനുവദിപ്പിക്കുകയും ചെയ്തു.
- ജെ.എൻ.എൻ.ആർ.യു എമ്മിൽ പെടുത്തി തിരുവനന്തപുരത്തെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 2.94 കോടി രൂപയും ശുദ്ധ ജല വിതരണത്തിന് 10.45 കോടി രൂപയും അധിക കേന്ദ്രസഹായ മായി (ACA)കേന്ദ്ര നഗരവികസന മന്ത്രാലയത്തിൽ നിന്ന് ലഭ്യമാക്കി.
- സെൻട്രൽ റൂറൽ സാനിറ്റേഷൻ പ്രോഗ്രാമിൽ ടോട്ടൽ സാനിറ്റേഷൻ കാമ്പയിൻ നടത്തുന്നതിന് കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിൽ നിന്ന് തിരുവനന്തപുരത്തിന് 57 ലക്ഷം രൂപ ഗ്രാന്റ് ലഭ്യമാക്കി.

# 10. ജലാശയങ്ങളുടെ സംരക്ഷണം

- വെള്ളായണി കായൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണയും പ്രേരണയും നൽകി വരുന്നു. വിവിധ വകുപ്പുകളുടെ കീഴിൽ നടന്നു വരുന്ന കായൽ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിക്കുന്ന ചുമതല പരിസ്ഥിതി വകുപ്പിനെ ഏല്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഇടപെടുകയും തുടർ നടപടികൾ ഊർജ്ജിതമാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും 50 ലക്ഷം രൂപ ധനസഹായം നേടിയെടുക്കുന്നതിനും സാധിച്ചു സ്വകാര്യ പട്ടയ ഭൂമിയും കായൽ ഭൂമിയും അളന്ന് തിട്ടപ്പെടുത്തുവാനുമുള്ള നടപടികൾ

അവസാന ഘട്ടത്തിലാണ്. കായലിനെ രണ്ടായി വിഭജിക്കുന്ന കാക്കാമൂല, പൂങ്കുളം റോഡിന്റെ മദ്ധ്യത്തിൽ പാലം നിർമ്മിച്ച കായലിന്റെ സ്വഭാവികത നില നിർത്തുന്നത് ഉൾപ്പെടെയുള്ള കാര്യപരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

- ■ വേളി - ആക്കുളം കായൽ സംരക്ഷണത്തിന് ദേശീയ കായൽ സംരക്ഷണ പദ്ധതിയിൽ 24.56 കോടി രൂപ അനുവദിച്ചു.
- ■ ചെങ്കൽ പഞ്ചായത്തിലെ വലിയകുളം ജലാശയം വൃത്തിയാക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വവും സാമ്പത്തിക സഹായവും നൽകി.

# 11. കൃഷി

സംസ്ഥാന - കേന്ദ്രകൃഷി മന്ത്രാലയങ്ങളിൽ ഇടപെട്ടു രാഷ്ട്രീയ കൃഷി വികാസ്‌യോജന (ആർ.കെ.വി.വൈ)യിൻ കീഴിൽ തിരുവനന്തപുരം മണ്ഡലത്തിനായി അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

■ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ കീഴ്ക്കൊല്ലാ ഏലായിൽ കൃഷി നട ത്തുന്നതിന് ആശാരിക്കുളം പുതുക്കിപ്പണിഞ്ഞ് ജലസംഭരണി വൃത്തിയാക്കു ന്നതിനും അനുബന്ധ പ്രവർത്തികൾക്കും 66.91 ലക്ഷം രൂപ.

■ കാരോട് ഗ്രാമപഞ്ചായത്തിലെ വെങ്കുളം ജലാശയം സംരക്ഷിച്ച് സമീപ പ്രദേശത്ത് നെൽകൃഷി നടത്തുന്നതിന് 90 ലക്ഷം രൂപ.

# 12. മത്സ്യബന്ധനം

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി നബാർഡ് സഹായത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമാക്കി

- കരിങ്കുളം പൂവാർ മത്സ്യബന്ധന ഗ്രാമങ്ങളിലേക്ക് കുടിവെള്ള പദ്ധതിക്ക് 232.90 ലക്ഷം രൂപ.
- പരുത്തിയൂർ, പൂവാർ, പുതിയതുറ എന്നീ വില്ലേജുകളിൽ ആധുനിക ഫിഷ്‌ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് 256.50 ലക്ഷം രൂപ

- അടിമലത്തുറ, അമ്പലത്തുമൂല, കോട്ടുകാൽ വില്ലേജുകളിൽ ചാലുകൾ നിർമ്മിക്കുന്നതിന് 138.70 ലക്ഷം രൂപ
- പൂവാറിൽ സോളാർ ഫിഷ് ഡ്രയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 59.85 ലക്ഷം രൂപ
- കൊല്ലങ്കോട് ഫിഷിംഗ് വില്ലേജിൽ കുടിവെള്ള പദ്ധതിക്ക് 34 ലക്ഷം രൂപ
- പുല്ലുവിള ഫിഷിംഗ് വില്ലേജിൽ ബീച്ച് റോഡ് നിർമ്മിക്കുന്നതിന് 34.40 ലക്ഷം രൂപ
- ദേശീയ മത്സ്യതൊഴിലാളി ഭവന പദ്ധതിയിൻ കീഴിൽ മത്സ്യതൊഴിലാളികൾക്ക് സൗജന്യമായി വീടുകൾ നിർമ്മിക്കാൻ അധിക കേന്ദ്ര സഹായം ഉറപ്പാക്കി.

■ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന്റെ വിഴിഞ്ഞം യൂണിറ്റ് അവിടെത്തന്നെ നിലനിർത്തുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എട്ടുകോടി രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അനുവദിപ്പിച്ചു. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാക്കി.

## 13. പാർപ്പിടം

■ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ ജനനിബിഡമായ ഹാർബർ വാർഡിലെ 1032 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 71.28 കോടി രൂപയുടെ പദ്ധതി കേന്ദ്രഗവണ്മെന്റിന്റെ വിവിധമന്ത്രാലയങ്ങളിൽ ഇടപെട്ട് യാഥാർത്ഥ്യമാക്കി.

■ ദേശീയ ഹൗസിംഗ് ബാങ്കുമായി ബന്ധപ്പെട്ട് ദേശീയ ബാങ്കുകൾ റിവേഴ്സ്മോർട്ട്ഗേജ് ലോൺ നൽകുന്നതിന് പാരമ്പര്യ സ്വത്തുക്കളുള്ളവരെയും അർഹരായി പരിഗണിക്കണമെന്ന് അവയുടെ മാനദണ്ഡങ്ങൾ തിരുത്തുന്നതിന് നടപടിയെടുത്തു. ഈ മാറ്റം ദേശീയമായി അംഗീകരിക്കുകയും ഇതുവരെ ഇത്തരത്തിൽ വായ്പ ലഭ്യമല്ലാതിരുന്ന ആയിരക്കണക്കിനാളുകൾക്ക് പ്രയോജനപ്പെടുകയും ചെയ്തു.

# 14.വിനോദ സഞ്ചാര വികസനം

■ കേന്ദ്ര ടൂറിസം മന്ത്രാലയവുമായി ബന്ധപ്പെട്ട് 10 കോടി രൂപയുടെ ഒരു വികസന പാക്കേജ് കോവളത്തിന്റെ സമഗ്രമായ പുരോഗതിയ്ക്കു വേണ്ടി അനുവദിപ്പിക്കുകയും കോവളം ഒരു ദേശീയ അന്തർദ്ദേശീയ വിനോദ സഞ്ചാര കേന്ദ്രമായി കൂടുതൽ ശ്രദ്ധേയമാക്കുന്നതിന് വിജയകരമായി ഇടപെടുകയും ചെയ്തു.

■ വിഴിഞ്ഞം ലൈറ്റ് ഹൗസ് നവീകരണത്തിനും ലൈറ്റ് ഹൗസിന് അനുബന്ധമായി കുട്ടികളുടെ പാർക്ക്, മ്യൂസിയം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി ആദ്യഘട്ട ധനസഹായമായി 2 കോടി രൂപ ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും അനുവദിപ്പിച്ചു.

■ തിരുവനന്തപുരം എയർപോർട്ടിൽ വിദേശ ടൂറിസ്റ്റുകൾക്ക് കൂട്ടായ ലാന്റിംഗ് പെർമിറ്റുകൾ നൽകാൻ സൗകര്യം ഏർപ്പെടുത്തി.

# 15.കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ

■ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയുടെ ഭരണ സമിതിയിൽ തെരഞ്ഞെടുക്കപ്പെട്ട ലോകസഭാ പ്രതിനിധി എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

■ തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ബയോടെക്നോളജി സെന്റർ ഭരണസമിതിയിലെ എക്സ് ഒഫിഷ്യോ അംഗം എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ചിക്കുൻഗുനിയ, ഡെങ്കിപ്പനി എന്നിവ പടർന്നു പിടിച്ചപ്പോൾ ആരോഗ്യ വകുപ്പിൽ സമ്മർദ്ദം ചെലുത്തുകയും ആർ.ജി.സിയ്ക്ക് ഉപയോഗിക്കുന്നതിനും നഗരത്തിലും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും അത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും സാധിച്ചു. ആക്കുളത്ത് ആർ.ജി.ബി.സിയുടെ രണ്ടാമത്തെ കാമ്പസ് ആരംഭിക്കുന്നതിന് പിന്തുണ നൽകി.

■ തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് കേന്ദ്ര ഗവണ്മെന്റിനെക്കൊണ്ട് ഏറ്റെടുപ്പിച്ച അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഒരു മികവുറ്റ സവിശേഷ സ്ഥാപനമായി ഉയർത്തിക്കൊണ്ടു വരാൻ കഴിഞ്ഞു.

■ എൻ.എഫ്.ഡി.സിയുടെ തിരുവനന്തപുരത്തെ ഓഫീസ് നിർത്താക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ അതിലിടപ്പെട്ട് വെള്ളായണിയിലുള്ള പുതിയ ഓഫീസിൽ പ്രവർത്തനം തുടരുന്നതിന് നടപടിയെടുത്തു.

■ പുതുതായി രൂപീകരിച്ച കേന്ദ്ര പൊതുമരാമത്തു വകുപ്പിന്റെ റീജിയണൽ ഓഫീസ് തിരുവനന്തപുരത്തു തന്നെ സ്ഥാപിക്കുന്നതിന് നടപടിയെടുത്തു.

■ തിരുവനന്തപുരത്ത് ഇ.എസ്.ഐക്ക് ഒരു സബ്സെന്റർ ആരംഭിക്കുകയും കഴക്കൂട്ടത്ത് വനിതാ ഐ.ടി ഐയിൽ ഒരു സെന്റർ ഓഫ് എക്സലൻസ് കേന്ദ്ര തൊഴിൽ വകുപ്പിനെക്കൊണ്ട് അനുവദിപ്പിക്കുന്നതിന് സാധിച്ചു.

## 16. ശാസ്ത്ര സാങ്കേതിക വിദ്യ

- ■ തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബൈയോ ടെക്നോളജി 110 കോടി രൂപ ചെലവിൽ ആക്കുളത്ത് ഒരു ബയോ ഇന്നവേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അനുമതി നേടുകയും അതിന്റെ തറക്കല്ലിടുകയും ചെയ്തു.
- ■ തിരുവനന്തപുരത്ത് നാഷണൽ സെന്റർ ഫോർ മോളിക്യുലർ മെറ്റീരിയൽസ് സ്ഥാപിക്കുന്നതിന് സയൻസ് ആന്റ് ടെക്നോളജി മന്ത്രാലയത്തിൽനിന്നും 76.7 കോടി രൂപ അനുവദിപ്പിച്ചു.
- ■ കോട്ടുകാലിൽ ഒരു മോഡൽ സയൻസ് ആന്റ് ടെക്നോളജി വില്ലേജിന് അനുമതി നേടി.
- ■ കേന്ദ്ര പാരമ്പര്യേതര ഊർജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഒരു സോളാർ സിറ്റി ആക്കുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നേടി.
- ■ കേന്ദ്ര ആഭ്യന്തരവകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് റേഡിയേഷൻ ഡിറ്റക്ഷൻ, ഡോസിമീറ്റർ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നേടിയെടുത്തു.

# 17. വിവര സാങ്കേതിക വിദ്യ

■ കേരളത്തിന്റെ സാധ്യതകൾ ബോധ്യപ്പെടുത്തിയതിനെ തുടർന്ന് ലോകത്തെ രണ്ടാമത്തെ ഏറ്റവും വലിയ ഐ.ടി കമ്പനിയായ ഓറക്കിൾ കോർപ്പറേഷൻ ടെക്നോപാർക്കിൽ പ്രവർത്തനം തുടങ്ങി. കേരളത്തിൽ പ്രവർത്തനം തുടങ്ങിയ ആദ്യ വൻകിട അന്താരാഷ്ട്ര ഐ.ടി കമ്പനി ആണ് ഓറക്കിൾ. ഈ കമ്പനിയുടെ വരവ് മറ്റു ഐ.റ്റി സ്ഥാപനങ്ങളെയും ഇവിടേയ്ക്ക് ആകർഷിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ഇത് തിരുവനന്തപുരത്ത് ഐ.ടി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കുന്നതാണ്.

■ ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിന് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി.

■ തിരുവനന്തപുരത്തെ സി-ഡാക്, സോഫ്റ്റ് വെയർ ഡെലവപ്മെന്റ് പാർക്ക് ഓഫ് ഇൻഡ്യ എന്നിവയുടെ നവീകരണത്തിനായി പ്രത്യേക അനുമതി നേടിയെടുത്തു.

# 18.വ്യവസായം

■ കയറ്റുമതിക്കുവേണ്ടി തിരുവനന്തപുരത്ത് ടെക്സ്റ്റയിൽ സെന്റർ ഇൾഫ്രാസ്ട്രക്ച്ചർ അപ്പാരൽ പാർക്കിനുവേണ്ടി 39.34 കോടി രൂപയിൽ 17 കോടി രൂപ അനുവദിച്ചു.

■ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ഏണസ്റ്റ് ആന്റ് യംഗിന്റെ ഗ്ലോബൽ സപ്പോർട്ട് സെന്റർ ആരംഭിക്കുവാൻ പ്രയത്നിച്ചു വരുന്നു.

# 19.തപാൽ മേഖല

■ പൂജപ്പുര, കരമന, ശാസ്തമംഗലം എന്നിവിടങ്ങളിൽ തപാൽ സമുച്ചയങ്ങൾ ഉൾപ്പെടുന്ന വൻ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ അനുമതി നേടിയെടുത്തു. തിരുവനന്തപുരം നഗരത്തിലെ തപാൽ മേഖലയുടെ വികസനം മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകമാകും.

# 20 കായികരംഗം

■ അന്താരാഷ്ട്ര നിലവാരത്തിലേക്കുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം തിരുവനന്തപുരത്ത് നിർമ്മിക്കുന്നതിന് ഫലപ്രദമായി ഇടപെട്ടു. നാഷണൽ ഗെയിംസിന്റെ ഭാഗമായി കാര്യവട്ടത്ത് ഒരു ആധുനിക സ്റ്റേറ്റ് ഓഫ് ദ ആർട് സ്റ്റേഡിയം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ശ്രമത്തിൽ പങ്കാളിയായി. ഭാവിയിൽ നടക്കുന്ന ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇത് സഹായകമായിരിക്കും.

■ കേരളത്തിന് ഒരു ഐ.പി.എൽ ടീമിനെ രൂപപ്പെടുത്തുന്നതിന് നിർണ്ണായകമായ പങ്കുവഹിച്ചു. ദേശീയ അന്തർദ്ദേശീയ ഭൂപടങ്ങളിൽ കേരളത്തിന് സ്ഥാനം കിട്ടുന്നതിന് ഇതു സഹായകമായി. പ്രാദേശിക ക്രിക്കറ്റുകാരുടെ സാധ്യത വർധിപ്പിക്കുകയും കേരളത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെയും സന്ദർശകരെയും ആകർഷിക്കുകയും ചെയ്തു. ടീമിനെ പിരിച്ചു വിട്ടെങ്കിലും പ്രോത്സാഹനവും പ്രശസ്തിയും നിലനിൽക്കുന്നു.

# 21. മറ്റുള്ളവ

■ പൂജപ്പുര സെൻട്രൽ ജയിലിൽ ഒന്നരക്കോടി രൂപയുടെ ഒരു ആധുനീകരണ പദ്ധതിക്ക് കേന്ദ്ര സഹായം നേടിയെടുത്തു.

■ അമ്പൂരിയിലെ കടത്ത് അപകടത്തിൽ ഒരു വിദ്യാർത്ഥി മരിച്ചതിനെ തുടർന്ന് ചന്ദ്രൻ തരൂർ ഫൗണ്ടേഷനിൽ നിന്നുള്ള സഹായത്തോടെ ഒരു സുരക്ഷിത ഫൈബർഗ്ലാസ്സ് ബോട്ട് തദ്ദേശവാസികളുടെ ഉപയോഗത്തിനായി ലഭ്യമാക്കി.

■ തീർത്ഥാടന കേന്ദ്രമായ വെട്ടുകാട് ദേവാലയത്തിന്റെ പുനരുദ്ധാരണനിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി സർട്ടിഫിക്കറ്റുകൾ നേടിയെടുക്കുന്നതിന് നിർണ്ണായക സഹായം നൽകി.

■ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ എ.പി.എൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി സ്വർണ്ണ ജയന്തി ഗ്രാമരോസ്ഗാർ യോജന പദ്ധതിയിൽ 1.24 കോടി രൂപ അനുവദിച്ചു.

■ ചന്ദ്രൻ തരൂർ ഫൗണ്ടേഷന്റെ ധനസഹായത്തോടെ തിരുവനന്തപുരത്തെ ഗവണ്മെന്റ്ബധിര വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ 81 വിദ്യാർഥി കൾക്കും അധ്യാപകർക്കും കൂടി കൊച്ചിയിൽ കടൽകാഴ്ചകൾക്കുള്ള സൗക ര്യമൊരുക്കുകയും മഹിളാ മന്ദിരം വയോജന കേന്ദ്രത്തിലെ അന്തേവാസികൾക്കു വേണ്ടി ബസിൽ വർക്കലയിലേക്ക് ഒരു ദിവസത്തെ വിനോദ യാത്ര സംഘടി പ്പിക്കുകയും ചെയ്തു.

■ സംസ്ഥാനത്ത് ഹർത്താലുകളും ബന്ദുകളും നിരോധിക്കുന്നതിന് ഉറച്ച തത്വാധിഷ്ഠിതമായ നിലപാട് സ്വീകരിക്കുകയും ദീർഘകാലമായി അതിന്റെ ബുദ്ധിമുട്ടുകളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് പരിശ്രമിച്ചു വരികയും ചെയ്യുന്നു.

■ ധനമന്ത്രാലയവുമായി ബന്ധപ്പെട്ട് രാജ്യത്തുടനീളമുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഗുണഭോക്താക്കളുടെ പെൻഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പരിശ്രമിച്ചു.

■ കേരളത്തിലെ വിമുക്ത ഭടന്മാർക്ക് സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ റിസർവേഷൻ ഏർപ്പെടുത്തണമെന്ന് ശക്തമായി മുഖ്യമന്ത്രിയുടെ മുന്നിൽ ഉന്നയിച്ചു.

■ കേഴ്വിക്കുറവുള്ള കുട്ടികൾക്കു വേണ്ടിയുള്ള സ്കൂളുകൾ, പ്രായ മായവർക്കും അനാഥർക്കും വേണ്ടിയുള്ള ഭവനങ്ങൾ തുടങ്ങിയവയിൽ താമ സിക്കുന്നവർക്ക് ഭക്ഷണവും മറ്റും നൽകുന്നതിനും വിനോദയാത്രകൾ നട ത്തുന്നതിനും സഹായങ്ങൾ നൽകി.

■ ചന്ദ്രൻ തരൂർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ മണ്ഡലത്തിലെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ഇ-ടോയ്ലെറ്റുകൾ സ്ഥാപിക്കുകയും തീര ദേശത്തെ വിദ്യാലയങ്ങൾക്ക് വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്യുകയും ചെയ്തു.

# 22. ജീവിത നിലവാരം,സംസ്കാരം

■ ലോകപ്രശസ്തമായ 'ഹേ സാഹിത്യോൽസവം' തിരുവനന്തപുരത്ത് 2010 നവംബറിൽ സംഘടിപ്പിക്കുന്നതിന് സാധിച്ചു. അതിനുമുമ്പ് ഇന്ത്യയിൽ നടന്നിട്ടില്ല. എഴുത്തുകാരും, കലാകാരന്മാരും, നയരൂപീകരണ വിദഗ്ദരും ഉൾപ്പെടെ അന്താരാഷ്ട്രപ്രസിദ്ധരായ വ്യക്തികളെ കേരളത്തിന്റെ തലസ്ഥാനത്തെത്തിച്ച് ഒരു പുതിയ ബൗദ്ധിക ചക്രവാളം തുറക്കുന്നതിന് വഴി യൊരുക്കി. 2011 നവംബറിലും ഈ ഫെസ്റ്റിവൽ വിജയകരമായി നടത്തി.

■ നാഷണൽ ഫ്ളാഗ് ഫൗണ്ടേഷൻ ഒഫ് ഇന്ത്യയുമായി ബന്ധപ്പെട്ട കനക ക്കുന്ന് കൊട്ടാരം കോമ്പൗണ്ടിൽ ദേശീയ പതാക സ്ഥാപിച്ചു. ഈ കൊടിമരം ഇന്ത്യയിലെ തന്നെ ഏറ്റവും പൊക്കമുള്ളതും നഗര ചാരുതയ്ക്ക് മാറ്റു കൂട്ടുന്ന തുമാണ്.

■ ഭാഷാപിതാവായ തുഞ്ചത്ത് രാമനുജൻ എഴുത്തച്ഛൻ സ്മാരക തപാൽ സ്റ്റാമ്പ് പുറപ്പെടുവിക്കുന്നതിന് ശുപാർശ നൽകുകയും ഇക്കാര്യത്തിൽ നടപടി കൾ വേഗത്തിൽ പൂർത്തിയാക്കാൻ ഇടപ്പെട്ടു വരികയും ചെയ്യുന്നു.

■ സി.വി.രാമൻ പിള്ളയുടെ പേരിൽ തപാൽ സ്റ്റാമ്പ് പുറപ്പെടുവിക്കുന്ന തിന് കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയത്തിനോട് ശുപാർശ ചെയ്യുകയും സ്റ്റാമ്പ് പുറത്തിറക്കുകയും ചെയ്തു.

■ സാമൂഹ്യപരിഷ്കർത്താവായ ഡോ.പൽപ്പുവിന്റെ സ്മരണാർത്ഥം തപാൽ സ്റ്റാമ്പ് പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാരിൽ ഇടപെട്ട് വരുന്നു.

■ വഴുതക്കാട്ടെ സാംസ്കാരിക സമുച്ചയമായ ടാഗോർ സെന്റിനറി ഹാളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 26 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുവദിപ്പിക്കാൻ സാധിച്ചു.

■ സ്പാനീഷ് നഗരമായ ബാഴ്സിലോണയെപോലെ തിരുവനന്തപുരത്തെ 'ഇരട്ടനഗരം' ആക്കുവാൻ ശ്രമം നടത്തി. വിനോദ സഞ്ചാരം, സ്പോർട്സ്, നഗര വികസനം എന്നീ മേഖലകളിൽ ബാഴ്സിലോണയുമായി സഹകരണ ത്തിന്റെ പുതിയ സാധ്യത തുറക്കുമായിരുന്ന ഒരു സംരംഭമായിരുന്നു ഇരട്ട നഗരം പദ്ധതി. ലോകത്തെ മുൻനിര ഫുട്ബോൾ ടീമായ ബാഴ്സിലോണ ഫുട്ബോൾ ക്ലബിന്റെ സഹായത്തോടെ നമ്മുടെ തീരപ്രദേശത്തെ മിടുക്കരായ

കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ലോകോത്തര നിലവാരത്തിലുള്ള പരിശീലനം നൽകുവാൻ ധാരണയായിരുന്നു. ബാഴ്സിലോണയിൽ നിന്നുള്ള പ്രതിനിധികൾ മൂന്ന് തവണ തിരുവനന്തപുരത്തെത്തി ചർച്ച നടത്തി. പദ്ധതി ആരംഭിക്കാൻ തിരുവനന്തപുരം നഗരസഭയുടെ അംഗീകാരം മാത്രം മതിയായിരുന്നു. എന്നാൽ ഇടതുപക്ഷ നഗരസഭയുടെ സങ്കുചിത രാഷ്ട്രീയ താൽപര്യം മൂലം പദ്ധതി അട്ടിമറിക്കപ്പെട്ടു.

■ മേൽപറഞ്ഞ കരാറിന്റെ ഭാഗമായി, വ്യത്യസ്ത തരത്തിലുള്ള ലോകനില വാരത്തിലുള്ള കലാകാരന്മാരെ ബാർസിലോണയിൽ നിന്ന് തിരുവനന്തപുരത്ത് കൊണ്ടുവരികയും 2010 മെയ് 23,24,25 തീയതികളിൽ അവരുടെ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

# 23. പ്രവാസി ഭാരതീയരുടെ ക്ഷേമം

■ സേവന നികുതിയുടെ പരിധിയിൽ നിന്നും പ്രവാസികളെ ഒഴിവാക്കണം എന്ന പ്രധാന മന്ത്രിയോട് ശക്തമായി വാദിച്ചു. തന്മൂലം അന്ന് ധന വകുപ്പ് കൂടി കൈകാര്യം ചെയ്തിരുന്ന പ്രധാനമന്ത്രി പ്രവാസികളെ പുതിയ സേവന നികുതി ചട്ടങ്ങളിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സേഷനോട് ആവശ്യപ്പെടുക യുണ്ടായി. ഇത് വിദേശങ്ങളിൽ ജോലി ചെയ്യുന്ന കേരളീയർ ഉൾപ്പെടെ ലക്ഷക്കണക്കിന് പ്രവാസി ഇൻഡ്യക്കാർക്ക് ആശ്വാസമേകി.

■ തിരുവനന്തപുരം നഗരത്തിൽ ശ്രീലങ്ക, യു.എ.ഇ എന്നീ രാജ്യങ്ങളുടെ കോൺസുലേറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ നിർണ്ണായക ഇടപെടലു കൾ നടത്തി. കോൺസുലേറ്റുകളുടെ സേവനം തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെയും സംസ്ഥാനത്തെ ഇതരപ്രദേശങ്ങളിലേയും ജനങ്ങൾക്ക് ലഭ്യ മാക്കുന്നതിനും സഹായിച്ചു. നഗരത്തിൽ മറ്റു രാജ്യങ്ങളുടെ കോൺസുലേറ്റു കൾ ആരംഭിക്കുന്നതിനും ബ്രിട്ടീഷ് ഹൈക്കമ്മീഷന്റെ ഒരു ട്രേഡ് ഓഫീസ് തുറക്കുന്നതിനുമുള്ള പരിശ്രമം തുടർന്നു വരുന്നു.

# 24. വിദേശകാര്യ സഹമന്ത്രി എന്ന നിലയിലു f f പ്രവർത്തനങ്ങൾ

■ വിദേശകാര്യ സഹമന്ത്രി (2009–2010)എന്ന നിലയിൽ ഹ്രസ്വമായ 11 മാസത്തിനുള്ളിൽ ചുമതലയിലുള്ള രാജ്യങ്ങളിൽ നിരന്തരമായി യാത്ര ചെയ്യുകയും പ്രശ്നങ്ങളിൽ രാജ്യത്തിനായ് ഇടപെടുകയും ചെയ്തു. ഹൈതിയിലെ ദാരുണമായ ഭൂകമ്പത്തിനു ശേഷം ധാരാളമാളുകൾ മരിച്ചതിനെ തുടർന്ന് അവിടെ സന്ദർശനം നടത്തുകയും ലോകശ്രദ്ധ നേടുകയും ചെയ്തു. ആഫ്രിക്ക, ലാറ്റിൻ, അമേരിക്ക, ഗൾഫ് മേഖലകൾ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാനും സാധിച്ചു.

■ ആഫ്രിക്കയിലെ ഫ്രാങ്കോൺ രാജ്യങ്ങളിലുമായി പുതിയ മെച്ചപ്പെട്ട ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാനും ഇന്ത്യാമഹാസമുദ്രത്തിൽ പുതിയ നയരൂപീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും ഇന്ത്യയെ പ്രതിനിധീകരിച്ച് പ്രധാന ലോക സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ഇന്ത്യയുടെ യശഃസ്സ് വർദ്ധിപ്പിക്കുകയും ചെയ്തു.

■ വളരെ സ്തുത്യർഹമായ രീതിയിൽ ഹജ്ജ് തീർത്ഥാടകർക്ക് വേണ്ട സൗകര്യങ്ങൾ വിജയകരമായി ഏർപ്പെടുത്തിയതിന് എല്ലാമേഖലകളിൽ നിന്നും മെച്ചപ്പെട്ട പ്രതികരണമാണ് ലഭിച്ചത്. ഹജ്ജിനു പോകുന്നവർക്ക് യാതൊരു പരാതിയുമില്ലാത്ത വിധത്തിലും കൂടുതൽ സുരക്ഷിതത്വം പ്രദാനം ചെയ്തു കൊണ്ടും തീർത്ഥാടനത്തിന് സൗകര്യമൊരുക്കി.

■ പാസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി. വഴുതക്കാട്ടും നെയ്യാറ്റിൻകരയിലും പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രയ്തനിച്ചു. നെയ്യാറ്റിൻകര പി. എസ്. കെ ആരംഭിക്കുന്നതിന് സഹമന്ത്രിയെന്ന നിലയിലും എം. പി.യെന്ന നിലയിലുമുള്ള പ്രത്യേക പ്രവർത്തനങ്ങൾ സഹായകരമായി.

■ തിരുവനന്തപുരത്തു നിന്നും ഇതര പ്രദേശങ്ങളിൽ നിന്നുമുള്ള പ്രവാസി കേരളീയരുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെട്ടു പരിഹാരം കണ്ടെത്തി വരുന്നു. വിസ, യാത്രാ രേഖകൾ, നഷ്ടപരിഹാരം വ്യവഹാരങ്ങൽ മൃതദേഹ ങ്ങൾ സമയോചിതമായി നാട്ടിലെത്തിക്കൽ എന്നീ വിഷയങ്ങളിൽ ഫലപ്രദ മായി ഇടപെട്ട് സഹായം നൽകി വരുന്നു.

## 25. ലോക്സഭാ അംഗം എന്ന നിലയിലുള്ള പ്രവർത്തനം

**(രണ്ടു തവണ സഹമന്ത്രിയായി പ്രവർത്തിച്ചതിന് ഇടയിലുള്ള കാലഘട്ടം)**

■ ദുരന്ത നിവാരണ പാർലമെന്ററി സമതിയംഗം / കൺവീനർ, വിദേശകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം, പ്രതിരോധ കൂടിയാലോചനാ സമിതി അംഗം, ടെലികോം സംയുക്ത പാർലമെന്ററി സമിതി അംഗം എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. എം.പി യുടെ ഉത്തരവാദിത്വത്തെയും ജനങ്ങൾ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തെയും പ്രതിഫലിപ്പിക്കുന്നതാണ് ഈ അഞ്ച് പാർലമെന്റ് സമിതികളിലെ അംഗത്വം.

■ സഭയിൽ നടന്ന സുപ്രധാന ചർച്ചകളിൽ വളരെ സജീവമായി പങ്കെടുത്തു. ലോക്പാൽ ബിൽ , രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയം, വിദേശകാര്യ വകുപ്പിന്റെയും വാണിജ്യ വ്യവസായ വകുപ്പിന്റെയും ധനവിനിയോഗം, കള്ള പണം , പകർപ്പവകാശ നിയമം എന്നിവ സംബന്ധിച്ച ചർച്ചകളിലും പങ്കെടുത്തു. കൂടാതെ പാർലമെന്റിന്റെ 60 വർഷം ആഘോഷിച്ച പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്ത നാല് പേരിൽ ഒരാൾ ആയിരുന്നു. മറ്റു മൂന്നു പേർ പ്രധാനമന്ത്രി, കോൺഗ്രസ് അധ്യക്ഷ, സഭാ നേതാവ് എന്നിവർ ആയിരുന്നു. നിങ്ങളുടെ എം.പി സഭയിൽ നടത്തിയ ഇടപെടലുകളും പ്രസംഗങ്ങളും രാഷ്ട്രീയ വേർതിരിവുകൾക്ക് അതീതമായി പ്രമുഖ നേതാക്കളുടെയും അംഗങ്ങളുടെയും പ്രശംസ പിടിച്ചു പറ്റി.

■ ഇടപെടലുകളിലൂടെയും ചോദ്യങ്ങളിലൂടെയും മണ്ഡലത്തിലെ സുപ്രധാന പ്രശ്നങ്ങൾ സഭയിൽ ഉയർത്തി കൊണ്ടു വന്നു. പ്രത്യേക പരാമർശത്തിലൂടെ തിരുവനന്തപുരത്തെ മാലിന്യ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടു വന്നു.

സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതമാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളെയും നടപടികളെയും കുറിച്ച് പാർലമെന്റിൽ പ്രത്യേക പരാമർശം നടത്തി. സംസ്ഥാന തലസ്ഥാനങ്ങളിൽ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുകയെന്ന് സുപ്രധാന പ്രശ്നത്തെക്കുറിച്ച് സ്വകാര്യ ബിൽ അവതരിപ്പിച്ചു.

## 26.എം.പി.യുടെ പ്രാദേശിക വികസന പദ്ധതി

- കേരളത്തിൽ നിന്നുള്ള ഇരുപത് ലോക്സഭാ എം.പിമാരിൽ വികസന ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ (2.12.2013 ലെ കണക്കനുസരിച്ച്) തിരുവനന്തപുരം എം.പി ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. അനുവദിച്ച തുകയുടെ 107. 66 ശതമാനമാണ് ചെലവഴിച്ചിട്ടുള്ളത്.
- സുതാര്യത ഉറപ്പാക്കി മണ്ഡലത്തിലുടനീളം 417 പദ്ധതികൾക്കായി ഫണ്ടുകൾ വിനിയോഗിച്ചിട്ടുണ്ട്.
- റോഡുകൾ, പാലങ്ങൾ തുടങ്ങിയവയ്ക്കായി 7.20 കോടി നീക്കി വെച്ചു.
- ഗ്രാമീണ വൈദ്യുതീകരണം, 67 ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെ വഴി വിളക്കുകൾ സ്ഥാപിക്കുന്നതിന് 3.76 കോടി രൂപ ചെലവാക്കി.
- അംഗൻവാടികൾ, ലൈബ്രറികൾ, പബ്ളിക് പാർക്കുകൾ, സാംസ്കാരിക നിലയങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണത്തിന് 3.64 കോടി രൂപ ചെലവാക്കി.
- വിദ്യാഭ്യാസ ആരോഗ്യ മേഖലകൾക്ക് യഥാക്രമം 3.25 കോടിയും 2.10 കോടിയും ചെലവാക്കി.
- കുടിവെള്ള പദ്ധതികൾക്ക് 1.15 കോടി രൂപ നീക്കി വെച്ചു.

**ഡോ.ശശിതരൂർ എം.പി.യുടെ പ്രാദേശിക വികസന ഫണ്ടു വിനിയോഗിച്ച് ഏറ്റെടുത്ത പദ്ധതികളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.**